# അദ്ധ്യായം IV
# ക്ഷേമപദ്ധതികളുടെ നടപ്പിലാക്കൽ

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ നിരീക്ഷിക്കാൻ ഒരു കേന്ദ്രീകൃത ശേഖരം ഇല്ല. സംസ്ഥാന ഓഫീസിൽ ഇത്തരത്തിലൊരു സംവിധാനം ഇല്ലാത്തതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ്, ജില്ലാതല പദ്ധതികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ട് നിർണ്ണയിക്കുന്നത്.

പെൻഷൻ, വിവാഹധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ, ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാകാതെ കിടക്കുകയായിരുന്നു. ഗുണഭോക്തൃ വിവരങ്ങൾ വിശ്വാസയോഗ്യമല്ലാത്തത് കാരണം, കോവിഡ്-19 ആനുകൂല്യ വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി കണ്ടെത്തി.

നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം, രജിസ്ട്രേഷനുകൾ കുറയുന്നതിന് കാരണമായി. രജിസ്ട്രേഷൻ പലപ്പോഴും ട്രേഡ് യൂണിയൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് നടത്തിയിരുന്നത്. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാത്തത്, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന് കാരണമായി. കൂടാതെ അപകടങ്ങൾക്കും അനിഷ്ടസംഭവങ്ങൾക്കും ശേഷവും സുരക്ഷാചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടു.


## 4.1. ബോർഡ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 11 പ്രകാരം, ഗുണഭോക്താവായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണ തൊഴിലാളികളും, ബോർഡ് അതിന്റെ ഫണ്ടിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾക്ക് അർഹരാണ്. ബോർഡ് നടപ്പിലാക്കുന്ന ഇരുപത് ക്ഷേമപദ്ധതികളിലെ പത്തെണ്ണമായ എ) പെൻഷൻ ബി) വിവാഹധനസഹായം സി) സ്കോളർഷിപ്പുകളും ക്യാഷ് അവാർഡുകളും ഡി) അസുഖങ്ങൾക്കും മാരകരോഗങ്ങൾക്കുമുള്ള ചികിത്സാ സഹായം ഇ) അവശത/മരണാനന്തര ധനസഹായം എഫ്) പ്രസവാനുകൂല്യം ജി) സ്വയം വിരമിക്കൽ പദ്ധതി എച്ച്) മൈനർ ഡെപ്പോസിറ്റ് പദ്ധതി ഐ) ഉപകരണങ്ങൾക്കുള്ള മുൻകൂർ തുക ജെ) ഭവന നിർമ്മാണത്തിനുള്ള മുൻകൂർ തുക, ഇവയെ ഓഡിറ്റ് പരിശോധനയ്ക്കായി തെരഞ്ഞെടുത്തു. ബോർഡ് അനുവദിക്കുന്ന പെൻഷനും, മറ്റ് ക്ഷേമാനുകൂല്യങ്ങളും, ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിച്ചിരുന്നത്.

ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്ത് മേൽപ്പറഞ്ഞ ക്ഷേമപദ്ധതികൾക്കായി ബോർഡിനു വന്ന ആകെ ചെലവും, വിതരണം ചെയ്യാൻ ശേഷിക്കുന്ന തുകയും **ചാർട്ടുകൾ 4.1, 4.2**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 4.1 : സംസ്ഥാനത്തെ പ്രധാന ക്ഷേമപദ്ധതികൾക്കായി 2018-23 കാലയളവിൽ ബോർഡ് ചെലവാക്കിയ തുക**

**(₹ കോടിയിൽ)**




*(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)*

പ്രധാന ക്ഷേമപദ്ധതികൾക്കായുള്ള ധനാഭ്യർത്ഥനയുടെയും ചെലവിന്റെയും ക്രമം ഓഡിറ്റ് വിശകലനം ചെയ്തത് ചുവടെ കൊടുത്തിരിക്കുന്നു.

**പട്ടിക 4.1 : 2018-23 കാലയളവിലെ പ്രധാന ക്ഷേമപദ്ധതികൾക്കായി ആവശ്യമായ തുകയും ചെലവും**


***(₹ കോടിയിൽ)***

| പ്രധാന ക്ഷേമ പദ്ധതികൾ | ആവശ്യമായ തുക | ചെലവ് | വിതരണം ചെയ്യാനുള്ള തുക |
|---|---|---|---|
| പെൻഷൻ, സ്വയം വിരമിക്കൽ പദ്ധതി | 2,508.20 | 2,399.82 | 108.38 |
| വിവാഹ ധനസഹായം | 134.51 | 91.98 | 42.53 |
| പ്രസവാനുകൂല്യം | 10.25 | 8.11 | 2.14 |
| സ്കോളർഷിപ്പും ക്യാഷ് അവാർഡും | 13.26 | 12.22 | 1.04 |
| മാരകരോഗ ചികിത്സാ സഹായം | 26.68 | 24.39 | 2.29 |
| മരണാനന്തര ധനസഹായം | 65.71 | 41.67 | 24.04 |
| **ആകെ** | **2,758.61** | **2,578.19** | **180.42** |

*(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)*

പ്രധാന ക്ഷേമപദ്ധതികൾക്കായി ആവശ്യമായ തുക ₹2,758.61 കോടി ആണെങ്കിലും, യഥാർത്ഥ ചെലവ് ₹2,578.19 കോടി (93.45 ശതമാനം) ആണെന്ന് മുകളിലെ പട്ടികയിൽ നിന്നും മനസ്സിലാക്കാം. 2022-23 കാലയളവിൽ ₹742.60 കോടി ബജറ്റിൽ വകയിരുത്തിയിട്ടും നിർണ്ണയിച്ച തുകയെക്കാൾ വളരെ കുറവായ ₹582.07 കോടി (78.38 ശതമാനം) യാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. ഇത്, ക്ഷേമപദ്ധതികൾ നടപ്പിലാക്കാനുള്ള ഫണ്ടിന്റെ ദൗർലഭ്യത്തെ സൂചിപ്പിക്കുന്നു.

**ചാർട്ട് 4.2 : വിവിധ ക്ഷേമപദ്ധതികൾക്കായി ബോർഡിൽ മുടങ്ങിക്കിടക്കുന്ന തുക**
***(₹ കോടിയിൽ)***




*(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)*

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾക്കു കീഴിലെ ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ സംബന്ധിച്ച വിവരങ്ങളുടെ ഒരു കേന്ദ്രീകൃത ശേഖരം ലഭ്യമല്ല. അതിനാൽ ക്ഷേമപദ്ധതികളുടെ നടത്തിപ്പ് ഫലപ്രദമായി നിരീക്ഷിക്കുന്നതിൽ പരാജയപ്പെടുന്നതിനൊപ്പം, അർഹരായ ഗുണഭോക്താക്കളിലേക്ക് ആനുകൂല്യങ്ങൾ എത്താതിരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ജില്ലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട ഫണ്ട് നിർണ്ണയിക്കാൻ, ജില്ലാ ഓഫീസുകളിൽ നിന്നുമാണ് ബോർഡ് വിവരങ്ങൾ ശേഖരിച്ചത്. ക്ഷേമ പദ്ധതികളുടെ ഫലപ്രദമായ നടപ്പിലാക്കൽ ഉറപ്പുവരുത്താൻ സ്വന്തമായ നിരീക്ഷണ സംവിധാനം ഇല്ലാത്തതിനാൽ, ജില്ലാ ഓഫീസുകളെ വളരെയധികം ആശ്രയിക്കേണ്ടി വന്നു.

പരിശോധന നടത്തിയ ജില്ലകളിൽ ബോർഡിനു കീഴിലുള്ള ഓഫീസുകളിലെ രേഖകൾ പരിശോധിച്ചപ്പോൾ തെളിഞ്ഞത്, വിവിധ ക്ഷേമപദ്ധതികൾ ബോർഡ് നടപ്പിലാക്കിയിട്ടും, അവ വിഭാവനം ചെയ്ത വിധത്തിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നില്ല എന്നാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:

### 4.1.1. പെൻഷൻ പദ്ധതികൾ

കേരള ചട്ടങ്ങളിലെ ചട്ടം 289 പ്രകാരം, ഒരു തൊഴിലാളി 60 വയസ്സ് പൂർത്തീകരിച്ചതിന് ശേഷം വരുന്ന ആദ്യ മാസത്തിലെ ഒന്നാം ദിനം മുതൽ അയാൾ പ്രതിമാസ പെൻഷന് അർഹനായിത്തീരുന്നു.

#### *4.1.1.1. പ്രതിമാസ പെൻഷൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച്*

വിരമിക്കലിനുശേഷമുള്ള വർഷങ്ങളിൽ, അവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വിശ്വാസയോഗ്യമായ സ്ഥിരവരുമാനമായാണ് പ്രതിമാസ പെൻഷൻ നൽകുന്നത്. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിരുന്നെങ്കിലും, അത് ത്രൈമാസ അടിസ്ഥാനത്തിലായിരുന്നെന്നും, മറിച്ച് പ്രതിമാസാടിസ്ഥാനത്തിലല്ലായിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സംസ്ഥാനത്താകെ (2023 മാർച്ച് 31) 1,35,977 പെൻഷൻകാർക്ക് കിട്ടാനുള്ള ₹108.22 കോടി പെൻഷൻ ഇതുവരെ ലഭിച്ചിട്ടില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. തെരഞ്ഞെടുത്ത

ജില്ലകളിൽ, **പട്ടിക 4.2**–ൽ കാണിച്ചിരിക്കുന്നതുപോലെ 10,024 പെൻഷൻകാർക്ക് (2023 മാർച്ച്). പെൻഷൻ കുടിശ്ശിക[19] ഇനത്തിൽ ₹12.03 കോടി വിതരണം ചെയ്യാനുണ്ട്.

***പട്ടിക 4.2: പെൻഷൻ വിതരണത്തിൽ വർഷം തോറും മുടങ്ങിക്കിടക്കുന്ന തുക***

| ജില്ല | വർഷം | പെൻഷൻ മുടങ്ങിക്കിടക്കുന്നവരുടെ എണ്ണം | തുക (₹ കോടിയിൽ) |
|---|---|---|---|
| കോഴിക്കോട് | 2022<br>2023 (2023 മാർച്ച് വരെ) | 505 | 0.44 |
| എറണാകുളം | 2021 | 785 | 1.06 |
| | 2022 | 2,660 | 2.06 |
| | 2023 (2023 മാർച്ച് വരെ) | 603 | 0.70 |
| മലപ്പുറം | 2021 | 2,212 | 4.26 |
| | 2022 | 2,717 | 2.94 |
| | 2023 (2023 മാർച്ച് വരെ) | 542 | 0.57 |
| **ആകെ** | | **10,024** | **12.03** |

*(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)*

ഖണ്ഡിക 4.1–ൽ സൂചിപ്പിച്ചതു പോലെ, ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് പെൻഷൻ വിതരണം മുടങ്ങിക്കിടന്നിരുന്നത്. കൂടാതെ ഈ റിപ്പോർട്ടിന്റെ ഖണ്ഡികകൾ 2.2, 2.3–ൽ വിശദമാക്കിയിരിക്കുന്നതുപോലെ നിർണ്ണയിക്കാത്ത കെട്ടിടങ്ങളിൽ നിന്നും സെസ്സ് ഈടാക്കാനുള്ള സജീവമായ നടപടികൾ ബോർഡ് അവലംബിച്ചിരുന്നില്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

### *4.1.1.2. അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയത്*

കേരള ചട്ടങ്ങളിലെ ചട്ടം 283 പ്രകാരം, നിലവിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിതമായ മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായ തൊഴിലാളിക്ക് ബോർഡിലെ അംഗമാകാൻ സാധിക്കുന്നതല്ല. എന്നതുപോലെ, ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന വ്യക്തി, മറ്റ് ബോർഡുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നതിന് അർഹനല്ല.

കേരള സർക്കാർ ഉത്തരവ് (2013 ജൂലൈ) പ്രകാരം, ഏതൊരു സാമൂഹിക ക്ഷേമ പെൻഷൻ ലഭിക്കുവാനും ആധാർ തിരിച്ചറിയൽ രേഖ നിർബന്ധമാണ്. 2018 മെയ് 20–നകം, പെൻഷൻകാർ ആധാർ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള 'ലൈഫ് സർട്ടിഫിക്കറ്റ്' സമർപ്പിക്കുവാൻ ബോർഡ് 2018 മേയ് 9–ന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. പുതിയ പെൻഷൻകാർ അപേക്ഷയോടൊപ്പം ആധാറിന്റെ പകർപ്പും സമർപ്പിക്കേണ്ടിയിരുന്നു. സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ[20] പേര് ചേർക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യേണ്ടതില്ലെന്നും ബോർഡ് നിർദ്ദേശിച്ചു.

**പട്ടിക.4.3**–ൽ വിവരിച്ചിരിക്കുന്നത് പോലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 2017–18–ൽ ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്നവരെ തിരിച്ചറിയാൻ ആധാറുമായുള്ള ബന്ധിപ്പിക്കൽ സഹായിച്ചു.

---

[19] അർഹനായ തീയതി മുതൽ പെൻഷൻ കിട്ടിത്തുടങ്ങുന്ന തീയതി വരെയും, അല്ലെങ്കിൽ ലൈഫ് സർട്ടിഫിക്കറ്റ് ബോർഡിന് സമർപ്പിക്കാനെടുക്കുന്ന കാലതാമസം വരെയും ഉള്ള തുക കുടിശ്ശികയിൽ ഉൾപ്പെടുന്നു.

[20] കേരളത്തിലെ ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം ചെയ്യുവാനായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയതും പ്രവർത്തിപ്പിക്കുന്നതുമായ വെബ് അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷൻ.

**പട്ടിക 4.3: തെരഞ്ഞെടുത്ത ജില്ലകളിൽ പെൻഷൻകാർക്ക് ഒന്നിലധികം പെൻഷൻ ലഭിച്ച കേസുകൾ**

| ജില്ല | കേസുകളുടെ എണ്ണം | അധികമായി വിതരണം ചെയ്ത പെൻഷൻ തുക (₹ ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 718 | 91.96 |
| എറണാകുളം | 10 | 0.56 |
| മലപ്പുറം | 288 | 46.06 |
| **ആകെ** | **1,016** | **138.58** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ ആരംഭിക്കുമെന്ന് കേരള സർക്കാർ (2022 ഡിസംബർ) മറുപടി നൽകി.

### *4.1.1.3. പെൻഷൻ ലഭിക്കേണ്ട മാസം മുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച്*

കേരള ചട്ടങ്ങളിലെ ചട്ടം 289 പ്രകാരം, ഒരു തൊഴിലാളിക്ക് 60 വയസ്സ് തികയുന്ന മാസത്തിന് ശേഷം വരുന്ന ആദ്യ മാസത്തിലെ ആദ്യദിനം മുതൽ അയാൾ പ്രതിമാസ പെൻഷന് അർഹനാണ്. പെൻഷന് അനുമതി നൽകികൊണ്ടുള്ള ഉത്തരവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് വയ്ക്കുന്ന ദിവസം മുതൽ പെൻഷൻ വിതരണം ചെയ്താൽ മതി എന്ന് നിർദ്ദേശിച്ചുകൊണ്ട് 2022 ഏപ്രിലിൽ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കേരള ചട്ടങ്ങളിലെ ചട്ടം 289–ന് അനുസൃതമല്ലാത്ത മേൽപ്പറഞ്ഞ ഉത്തരവ്, കേരള സർക്കാർ 2023 ജനുവരിയിൽ പിൻവലിച്ചുവെങ്കിലും, തെരഞ്ഞെടുത്ത ജില്ലകളിൽ 2022 മേയ് മുതൽ 2022 ഡിസംബർ വരെയുള്ള കാലയളവിൽ 3,489 പെൻഷൻകാർക്ക് ₹2.28 കോടി പെൻഷൻ ഇനത്തിൽ നിഷേധിക്കപ്പെടാൻ ഇത് കാരണമായതിന്റെ വിവരങ്ങൾ ചുവടെയുള്ള **പട്ടിക 4.4**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4: തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ അർഹമായ മാസം മുതൽ പെൻഷൻ നിഷേധിക്കപ്പെട്ട കേസുകൾ**

| ക്രമ നമ്പർ. | ജില്ല | പെൻഷൻകാരുടെ എണ്ണം | നിഷേധിക്കപ്പെട്ട പെൻഷന്റെ ആകെ തുക (₹ ലക്ഷത്തിൽ) |
|---|---|---|---|
| 1. | എറണാകുളം | 1644 | 107.46 |
| 2. | കോഴിക്കോട് | 1753 | 115.58 |
| 3. | മലപ്പുറം | 92 | 6.11 |
| | **ആകെ** | **3489** | **229.15** |

*(ഉറവിടം : ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച ഡാറ്റ)*

ബോർഡ് നൽകിയ വിവരങ്ങളിൽ പെൻഷനു വേണ്ടി ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ച തീയതി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ഈ അപേക്ഷകൾ തീർപ്പാക്കാനെടുത്ത യഥാർത്ഥ സമയം നിജപ്പെടുത്താൻ ഓഡിറ്റിന് സാധിച്ചില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, ഗുണഭോക്താവിന് 60 വയസ്സാകുന്ന തീയതിയ്ക്കും പെൻഷൻ ലഭിച്ചു തുടങ്ങിയ തീയതിക്കും ഇടയിലുള്ള കാലയളവ്, ഒന്നു മുതൽ മുപ്പത്തിനാല് മാസങ്ങൾ വരെയാണ്. ചട്ടം ലംഘിച്ചുള്ള നിർദ്ദേശം കേരള സർക്കാർ 2023 ജനുവരിയിൽ പിൻവലിച്ചുവെങ്കിലും, പെൻഷൻ തുക ഇനിയും വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2024 മേയ്). ഇക്കാര്യത്തെക്കുറിച്ച് മറുപടിയിൽ സർക്കാർ മൗനം പാലിച്ചു.

### 4.1.2. വിവാഹ ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 300 പ്രകാരം, മൂന്ന് വർഷം തുടർച്ചയായി അംഗത്വമുള്ള തൊഴിലാളികളുടെ രണ്ട് കുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ബോർഡിലെ വനിതാ അംഗങ്ങൾക്കും സ്വന്തം വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ഒരു ഗുണഭോക്താവിന്റെ രണ്ട് മക്കൾക്കും ₹10,000 വീതമാണ് ധനസഹായം നിശ്ചയിച്ചിരുന്നത്. തെരഞ്ഞെടുത്ത ജില്ലകളിൽ 2023

മാർച്ച് 31 വരെയുള്ള, മുടങ്ങിക്കിടക്കുന്ന വിവാഹ ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.5**–ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.5 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന വിവാഹ ധനസഹായ വിതരണം**

| ജില്ല | മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്യാൻ ശേഷിക്കുന്ന തുക (₹ ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 4,934 | 493.40 |
| മലപ്പുറം | 7,327 | 732.70 |
| എറണാകുളം | 1,912 | 191.20 |
| **ആകെ** | **14,173** | **1,417.30** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

സംസ്ഥാനമൊട്ടാകെ ₹42.54 കോടി വരുന്ന 42,535 അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി കണ്ടെത്തി. ഫണ്ടിന്റെ ദൗർലഭ്യമാണ് ധനസഹായം നൽകാത്തതിന് കാരണം എന്ന് ബോർഡ് ചൂണ്ടിക്കാട്ടി. 2022–23–വർഷത്തിന്റെ അവസാനത്തിൽ ബോർഡിന് ₹135.16 കോടിയുടെ (ഖണ്ഡിക 5.1) ചെലവഴിക്കാത്ത ക്യാഷ് ബാലൻസ് ഉണ്ടായിരുന്നതിനാലും, ഈ തുക സഹായം നൽകുന്നതിന് ഉപയോഗിക്കാമായിരുന്നതിനാലും ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

### 4.1.3. സ്കോളർഷിപ്പും ക്യാഷ് അവാർഡും

കേരള ചട്ടങ്ങളിലെ ചട്ടം 299 പ്രകാരം ബോർഡംഗങ്ങളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനായി, ₹1,000 മുതൽ ₹3,000 വരെ വിദ്യാഭ്യാസ സഹായമായി നൽകി വരുന്നു. അതു കൂടാതെ, യോഗ്യരായ കുട്ടികൾക്ക് ₹1,000 എസ്എസ്എൽസി[21] വിദ്യാഭ്യാസ അലവൻസായും, ₹3,000 എസ്എസ്എൽസി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡായും നൽകിവരുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ 2023 മാർച്ച് 31 വരെ ₹55.89 ലക്ഷത്തിനുള്ള 4,587 മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ **പട്ടിക 4.6**–ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.6 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് വിതരണം**

| ജില്ല | മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്യാൻ ശേഷിക്കുന്ന തുക (₹ ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 1,194 | 15.74 |
| മലപ്പുറം | 2,947 | 33.32 |
| എറണാകുളം | 446 | 6.83 |
| **ആകെ** | **4,587** | **55.89** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

സംസ്ഥാനത്താകെ ₹1.04 കോടിയുടെ 8,208 അപേക്ഷകൾ തീർപ്പാകാതെ ശേഷിച്ചിരുന്നുവെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഫണ്ടിന്റെ അപര്യാപ്തതയാണ് സഹായം നൽകാനാകാത്തതിന് കാരണമെന്ന് ബോർഡ് അറിയിച്ചു. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

### 4.1.4. അസുഖം/ മാരകരോഗ ചികിത്സാ ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 298 പ്രകാരം, അപകടമോ ഏതെങ്കിലും അസുഖമോ മൂലം അഞ്ചോ അതിലധികമോ ദിവസം ആശുപത്രിയിൽ കിടക്കേണ്ടി വരുന്ന ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായുള്ള അനുമതി ബോർഡിന് നൽകാവുന്നതാണ്. അപകടം പറ്റിയവർക്ക് ₹800 മുതൽ ₹5,000 വരെയും, മാരകരോഗം ഉള്ളവർക്ക് പരമാവധി ₹50,000–ഉം നൽകേണ്ടതുണ്ട്. തെരഞ്ഞെടുത്ത ജില്ലകളിലെ

[21] സ്റ്റേറ്റ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

2023 മാർച്ച് 31 വരെയുള്ള മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.7**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.7 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന അസുഖം / മാരക രോഗ ചികിത്സാ ധനസഹായം**

| ജില്ല | മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം | ധനസഹായത്തിനുള്ള തുക (₹ ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 416 | 23.78 |
| മലപ്പുറം | 177 | 21.03 |
| എറണാകുളം | 103 | 29.12 |
| **ആകെ** | **696** | **73.93** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

സംസ്ഥാനത്താകെ ₹2.29 കോടിയുടെ സഹായത്തിനായുള്ള 1,647 അപേക്ഷകൾ തീർപ്പാകാതെ ശേഷിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തതയാണ് ധനസഹായം മുടങ്ങിക്കിടക്കാൻ കാരണമെന്ന് ബോർഡ് മറുപടി നൽകി. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

### 4.1.5. മരണാനന്തര ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 295 പ്രകാരം മരണപ്പെട്ട അംഗതൊഴിലാളിയുടെ ആശ്രിതർക്ക് അല്ലെങ്കിൽ അവകാശിക്ക് മരണാനന്തര ആനുകൂല്യമായി ₹25,000–ഉം, ജോലിക്കിടയിലാണ് അപകടമരണമുണ്ടാകുന്നതെങ്കിൽ മരണാനന്തര ധനസഹായമായി ₹മൂന്നു ലക്ഷവും നൽകേണ്ടതാണ്.

സംസ്ഥാനത്താകെ ₹240 കോടിയുടെ ധനസഹായത്തിനുള്ള 2,234 അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തെരഞ്ഞെടുത്ത ജില്ലകളിൽ 2023 മാർച്ച് 31 വരെയുള്ള മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.8**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8 : വിതരണം ചെയ്യാൻ ശേഷിക്കുന്ന മരണാനന്തര ആനുകൂല്യം**

| ജില്ല | മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം | ധനസഹായത്തിനുള്ള തുക (₹ ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 258 | 128.50 |
| മലപ്പുറം | 298 | 160.99 |
| എറണാകുളം | 161 | 290.80 |
| **ആകെ** | **717** | **580.29** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

ഫണ്ടിന്റെ അപര്യാപ്തതയാണ് ധനസഹായം മുടങ്ങിക്കിടക്കാൻ കാരണം എന്ന് ബോർഡ് അറിയിച്ചു. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

### 4.1.6. പ്രസവാനുകൂല്യം

കേരള ചട്ടങ്ങളിലെ, ചട്ടം 288 പ്രകാരം, ക്ഷേമ ബോർഡിന്റെ ഗുണഭോക്താക്കളായ വനിതാ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി ₹15,000 ഗർഭ കാലയളവിൽ നൽകേണ്ടതാണ്. ഈ ആനുകൂല്യം രണ്ടു തവണയിൽ കൂടുതൽ ഒരംഗത്തിന് നൽകാൻ പാടുള്ളതല്ല. തെരഞ്ഞെടുത്ത ജില്ലകളിലെ 2023 മാർച്ച് 31 വരെ മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.9**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.9 : തെരഞ്ഞെടുത്ത ജില്ലകളിൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന പ്രസവാനുകൂല്യം**

| ജില്ല | മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം | മുടങ്ങിക്കിടക്കുന്ന ധനസഹായം (₹ലക്ഷത്തിൽ) |
|---|---|---|
| കോഴിക്കോട് | 21 | 3.15 |
| മലപ്പുറം | 424 | 63.60 |
| എറണാകുളം | 2 | 0.30 |
| **ആകെ** | **447** | **67.05** |

*(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

2023 മാർച്ച് 31 വരെ സംസ്ഥാനത്താകെ ₹2.14 കോടിയുടെ ധനസഹായത്തിനുള്ള, 14,268 അപേക്ഷകൾ തീർപ്പാക്കാതെ ശേഷിച്ചിരുന്നു.

പ്രസവാനുകൂല്യത്തിനായി ബോർഡ് ചെലവാക്കിയ തുക സംസ്ഥാന സർക്കാർ റീ-ഇമ്പേഴ്സ് ചെയ്തിരുന്നില്ലെന്നും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: ലേബർ കമ്മീഷണർ കാര്യനിർവ്വാഹകനായ, "അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ പ്രസവാനുകൂല്യ പദ്ധതി, 2012" സംസ്ഥാന സർക്കാർ ആരംഭിച്ചത് 2012 മാർച്ചിലാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പ്രസവാനുകൂല്യമായി വനിതാ തൊഴിലാളികൾക്ക് ₹15,000 നൽകേണ്ടതിൽ ₹3,000 ബോർഡും, ബാക്കി തുക സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, തുടക്കത്തിൽ ചെലവുകൾ ബോർഡ് വഹിക്കുകയും, പിന്നീട് ലേബർ കമ്മീഷണർ മുഖേന ചെലവായ തുക പ്രതിമാസ റീ-ഇമ്പേഴ്സ്മെന്റായി ആവശ്യപ്പെടുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ, ബോർഡ് വാർഷികാടിസ്ഥാനത്തിൽ മാത്രമാണ് റീ-ഇമ്പേഴ്സ്മെന്റ് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നത്. 2023 മാർച്ച് 31 വരെ ₹6.81 കോടി സംസ്ഥാന സർക്കാർ റീ-ഇമ്പേഴ്സ് ചെയ്യാൻ ശേഷിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 4.10**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.10 : സംസ്ഥാന സർക്കാരിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്യാനുള്ള പ്രസവാനുകൂല്യത്തിന്റെ വിശദാംശങ്ങൾ**

| വർഷം | പ്രസവാനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | തുക (₹ ലക്ഷത്തിൽ) | കേരളസർക്കാർ റീ-ഇമ്പേഴ്സ് ചെയ്ത തുക (₹ ലക്ഷത്തിൽ) | മുൻവർഷങ്ങളിലേതടക്കം റീ-ഇമ്പേഴ്സ് ചെയ്യാനുള്ള തുക (₹ ലക്ഷത്തിൽ) |
|---|---|---|---|---|
| 2018-19 | 1,947 | 233.64 | 36.00 | 644.22 |
| 2019-20 | 1,016 | 121.92 | 48.00 | 718.14 |
| 2020-21 | 538 | 64.56 | 0.00 | 782.70 |
| 2021-22 | 721 | 86.52 | 0.00 | 869.22 |
| 2022-23 | 32 | 3.84 | 192.00 | 681.06 |

*(ഉറവിടം : ബോർഡ് നൽകിയ ഡാറ്റ)*

ബോർഡിന് കൊടുക്കേണ്ട തുക കൈമാറ്റം ചെയ്യുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2022 ഡിസംബർ).

## 4.2. കോവിഡ്-19 ആനുകൂല്യ വിതരണത്തിലെ ക്രമക്കേടുകൾ

കോവിഡ്-19 ലോക്ക്ഡൗൺ കാരണം ഗുണഭോക്താക്കൾക്കുണ്ടായ ബുദ്ധിമുട്ടുകൾ മറികടക്കാൻ, ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകാൻ ബോർഡ് തീരുമാനിച്ചു. 2020, 2021 വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് ₹1,000 വീതം ബോർഡ് അനുവദിച്ചു[22]. ഇതിന്റെ വിതരണം ചില വ്യവസ്ഥകളുടെ[23] അടിസ്ഥാനത്തിൽ

22 2020 ഏപ്രിൽ ഒന്നിന് ബോർഡ് പുറപ്പെടുവിച്ച ഓർഡർ നമ്പർ ഇ4-4099/20; മേയ് 18-നു ബോർഡ് പുറപ്പെടുവിച്ച സർക്കുലർ നമ്പർ 14/2021.

23 ഗുണഭോക്താവിന് ഏറ്റവും കുറഞ്ഞത് രണ്ടു വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം, 2018-ൽ അംഗത്വം പുതുക്കിയിരിക്കണം, ഒരു കുടുംബത്തിൽ നിന്ന് ഒരു ഗുണഭോക്താവിന് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ, 2020 മാർച്ച് മുതൽ ജൂൺ വരെ റിട്ടയർ ചെയ്യുന്നവരും, മാരകരോഗ ധനസഹായത്തിന് അപേക്ഷിച്ചവരും ₹2,000-ത്തിന്റെ സഹായത്തിന് അർഹരല്ല.

നിശ്ചയിക്കുകയും ചെയ്തു. കൂടാതെ, കോവിഡ് പോസിറ്റീവായ എല്ലാ ഗുണഭോക്താക്കൾക്കും 2021 ജനുവരി മുതൽ, ₹2,000 വീതം ബോർഡ് അനുവദിച്ചു.

ഗുണഭോക്താവായി ചേർക്കപ്പെട്ട തീയതി, അംഗത്വം പുതുക്കിയ വിവരങ്ങൾ, ഗുണഭോക്താക്കളായ മറ്റു കുടുംബാംഗങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയുടെ സമഗ്രമായ ഡാറ്റാബേസ് ബോർഡിന്റെ പക്കലില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. ഇത്തരം പ്രസക്തമായ വിവരങ്ങളുടെ അഭാവം മൂലം നിർദ്ദിഷ്ട വ്യവസ്ഥകൾ എത്രമാത്രം പാലിക്കപ്പെടുന്നു എന്ന് വിലയിരുത്താനോ കോവിഡ് ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഉചിതമായ ഒരു സംവിധാനം നിലവിലുണ്ടെന്ന് അവകാശപ്പെടാനോ ബോർഡിന് സാധിച്ചില്ല. തൽഫലമായി അർഹതയ്ക്കുള്ള വ്യവസ്ഥകൾ അവഗണിച്ചുകൊണ്ട് എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം വിതരണം ചെയ്തു.

2020 ആഗസ്റ്റ് 15-ാം തീയതി വരെ വിതരണം ചെയ്യപ്പെടാത്ത കോവിഡ് സഹായ തുക, സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ എല്ലാ ക്ഷേമനിധി ബോർഡുകളോടും നിർദ്ദേശിച്ചതായി (2020 ജൂലൈ) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മേൽപ്പറഞ്ഞ നിർദ്ദേശമനുസരിച്ച് 2020 ആഗസ്റ്റ് 15-ന് പ്രത്യേക ധനസഹായ വിതരണം നിർത്താനും, 2020 ആഗസ്റ്റ് 15-ന് ശേഷം അവരുടെ ബാങ്ക് അക്കൗണ്ടുകളിലുള്ള ബാക്കി തുക തിരിച്ചടയ്ക്കാനും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരോട് ബോർഡ് നിർദ്ദേശിച്ചു (2020 ആഗസ്റ്റ് 08). അപ്രകാരം മലപ്പുറം ജില്ലാ ഓഫീസർ, 2020 ആഗസ്റ്റ് 15-ലെ കണക്കനുസരിച്ച് ചെലവഴിക്കാത്ത തുകയായ ₹1.55 കോടി പ്രധാന ഓഫീസിലേക്ക് തിരിച്ചടച്ചു. ആ തീയതിയിൽ ₹38.06 ലക്ഷത്തോളം മതിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ നിൽക്കേ ആയിരുന്നു ഈ തിരിച്ചടയ്ക്കൽ.

സമാനമായി, കോഴിക്കോട് ജില്ലാ ഓഫീസർ, ₹1.89 കോടി വരുന്ന കോവിഡ് ധനസഹായം വിതരണം ചെയ്യേണ്ടിയിരുന്നിട്ടും, ചെലവഴിക്കാത്ത തുകയായ ₹3.39 കോടി പ്രധാന ഓഫീസിലേക്ക് തിരിച്ചടച്ചു. അങ്ങനെ, പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അനുവദിച്ച അർഹമായ ധനസഹായം ഈ അപേക്ഷകർക്ക് നിഷേധിക്കപ്പെട്ടു.

ഗുണഭോക്താക്കളുടെ ബാങ്ക് വിവരങ്ങളുൾപ്പെടെ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ ഓഫീസർമാരുടെ ഉത്തരവാദിത്വമായിരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരും ഐഎഫ്എസ്‌സി വിവരങ്ങളും അടങ്ങുന്ന ഒരു കൃത്യതയുള്ള ഡാറ്റാബേസ് ഇല്ലാത്തതിനാൽ, അപേക്ഷകർക്ക് ആനുകൂല്യം നൽകാൻ സാധിച്ചില്ല.

കൂടാതെ, എറണാകുളം ജില്ലയിലെ പേയ്മെന്റ് ഡാറ്റ വിശകലനം ചെയ്തപ്പോൾ, 182 കേസുകളിൽ, രണ്ടു വ്യത്യസ്ത ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഒരേ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെന്ന് കണ്ടെത്തി. ഇത് ₹1.82 ലക്ഷത്തിന്റെ ക്രമരഹിതമായ ഇടപാടിന് കാരണമായി. ഇതിന് 2024 സെപ്റ്റംബർ വരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

***ശിപാർശ 6 : സാമ്പത്തിക സഹായത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ത്വരിതപ്പെടുത്താൻ ഗുണഭോക്താക്കൾക്കു ലഭിച്ച ആനുകൂല്യങ്ങളുടെ പൂർണ്ണമായ വിവരം, പൂർണ്ണമായ ബാങ്കിംഗ് വിശദാംശങ്ങൾ മുതലായവ അടങ്ങുന്ന ഗുണഭോക്താക്കളുടെ ഒരു ഡാറ്റാബേസ്, ബോർഡ് പരിപാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.***

## 4.3. ഗുണഭോക്തൃ വിഹിതം വിരമിക്കുമ്പോൾ ക്രമരഹിതമായി നല്കിയത്

കേരള ചട്ടങ്ങളിലെ, ചട്ടം 303 പ്രകാരം, ഗുണഭോക്താവിന്റെ മരണശേഷം, അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം അവകാശിക്ക് നൽകാവുന്നതാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മേൽപ്പറഞ്ഞ നിയമത്തിന് വിപരീതമായി, ഗുണഭോക്തൃവിഹിതമായ ₹15.53 കോടി (പലിശയടക്കം) വിരമിച്ചതിനുശേഷം ഗുണഭോക്താവിന് തിരികെ നൽകിയതായി കാണുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ

പെൻഷൻകാർക്ക് ബോർഡ് തിരികെ നൽകിയ തുകയുടെ വിവരം **പട്ടിക 4.11**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.11 : തെരഞ്ഞെടുത്ത ജില്ലകളിൽ അറുപതു വയസ്സ് തികഞ്ഞ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം ക്രമരഹിതമായി തിരിച്ചു നൽകിയതിന്റെ വിവരങ്ങൾ**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതം (₹ കോടിയിൽ) | പലിശ (₹ കോടിയിൽ) | ആകെ (₹ കോടിയിൽ) |
|---|---|---|---|---|
| കോഴിക്കോട് | 10304 | 4.12 | 0.32 | 4.44 |
| എറണാകുളം | 11169 | 5.08 | 0.30 | 5.37 |
| മലപ്പുറം | 9805 | 5.36 | 0.36 | 5.72 |
| **ആകെ** | **31278** | **14.56** | **0.98** | **15.53** |

*(ഉറവിടം: അതത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)*

തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ബോർഡ് എടുത്ത തീരുമാന (2005 നവംബർ) പ്രകാരമാണ് ഇങ്ങനെ ചെയ്തതെന്ന് സർക്കാർ മറുപടി നൽകി (2022 ഡിസംബർ). ചട്ടം 309 പ്രകാരം, നിയമത്തിലോ ചട്ടങ്ങളിലോ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്കിതരമായി, സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ, ഫണ്ട് വിനിയോഗിക്കാൻ പാടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. വിരമിക്കൽ സമയത്ത് അവശേഷിക്കുന്ന വിഹിതം തിരികെ നൽകുന്നത് സംബന്ധിച്ച് നിയമത്തിലോ ചട്ടത്തിലോ പരാമർശിക്കാത്തതിനാൽ, ഇതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ മുൻകൂർ അനുമതി വാങ്ങിച്ചതായി കാണപ്പെട്ടിട്ടില്ല.

## 4.4. മിഷൻ മോഡ് പദ്ധതി

എല്ലാ നിർമ്മാണതൊഴിലാളികളെയും ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്യിക്കാനും അതുവഴി യാതൊരു ബുദ്ധിമുട്ടും കൂടാതെ അർഹമായ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കാനും വേണ്ടി, ഭാരത സർക്കാർ 2020 ജൂലൈയിൽ മിഷൻ മോഡ് പദ്ധതി (എംഎംപി) ആരംഭിച്ചു. സംസ്ഥാന ക്ഷേമ ബോർഡുകൾ മൂന്ന് മാസ കാലയളവിൽ ഉദ്ദേശ്യലക്ഷ്യം നേടിയെടുക്കണമെന്നാണ് എംഎംപിയിൽ വിഭാവനം ചെയ്തിരുന്നത്. മൂന്ന് ഘടകങ്ങളാണ് എംഎംപി-ക്ക് ഉണ്ടായിരുന്നത്, (i) ഉൾപ്പെടുത്താൻ വിട്ടുപോയ നിർമ്മാണ തൊഴിലാളികളുടെ രജിസ്ട്രേഷൻ (ii) പുതുക്കലും പോർട്ടബിലിറ്റിയും (iii) സാമൂഹിക സുരക്ഷയുടെ സാർവത്രികവൽക്കരണം.

ഉൾപ്പെടുത്താൻ വിട്ടുപോയ നിർമ്മാണ തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാൻ ഒരു പദ്ധതി/സംരംഭവും സംസ്ഥാനത്ത് ആരംഭിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ, ബോർഡ് അനുവദിക്കാത്തതിനാൽ അത്തരം തൊഴിലാളികൾ നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. പുതുക്കൽ, പോർട്ടബിലിറ്റി, സാമൂഹിക സുരക്ഷയുടെ സാർവത്രികവൽക്കരണം തുടങ്ങിയവയെ സംബന്ധിച്ചിടത്തോളം അന്യസംസ്ഥാനങ്ങളിലെ നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡുകളുമായി ബന്ധം സ്ഥാപിക്കുന്നതിനോ വിവരം പങ്കിടുന്നതിനോ ഉള്ള ഒരു സംവിധാനവും ബോർഡിൽ ഇല്ലെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചു.

അതിനാൽ എംഎംപിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ ബോർഡിന് സാധിച്ചില്ലെന്നും എംഎംപിയുടെ എല്ലാ ഘടകങ്ങളും നടപ്പിലാക്കാനായി ഒരു പദ്ധതിയും തുടർന്നുവരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

## 4.5. തൊഴിലാളികളുടെ രജിസ്ട്രേഷൻ

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമപ്രകാരം[24], പതിനെട്ട് വയസ് പൂർത്തിയായതും അറുപതിനു താഴെ പ്രായമുള്ളതും, കഴിഞ്ഞ പന്ത്രണ്ട് മാസത്തിൽ, തൊണ്ണൂറ്

[24] ബിഒസിഡബ്ല്യൂ(ആർഇസിഎസ്) നിയമം, 1996, വകുപ്പ് 12

ദിവസത്തിൽ കുറയാതെ ഏതെങ്കിലും കെട്ടിട നിർമ്മാണത്തിലോ മറ്റ് നിർമ്മാണ പ്രവർത്തനത്തിലോ ഏർപ്പെട്ടിരിക്കുന്നതുമായ ഓരോ നിർമ്മാണ തൊഴിലാളിയും, ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെടാൻ അർഹനാണ്. ഒരിക്കൽ ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെട്ടാൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന മാസവരിസംഖ്യ അവർ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ (ഫണ്ട്) നിക്ഷേപിക്കേണ്ടതാണ്. ബോർഡ് പരിപാലിക്കുന്ന ഫണ്ടിൽ നിന്നും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ കൈപ്പറ്റാനും തൊഴിലാളി അർഹനാണ്. നിലവിൽ മാസവരിസംഖ്യ ₹50[25] ആണ്.

വിവിധ ക്ഷേമ പദ്ധതികൾക്കു കീഴിൽ സാമ്പത്തിക സഹായം ലഭിക്കാൻ തൊഴിലാളികളുടെ രജിസ്ട്രേഷൻ ഒരു മുൻ വ്യവസ്ഥയായിരുന്നെങ്കിലും താഴെ പറയുന്ന തടസ്സങ്ങൾ രജിസ്ട്രേഷൻ നടപടികളുടെ കാര്യക്ഷമതയെ ബാധിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 4.5.1. നിർമ്മാണ തൊഴിലാളികൾക്കിടയിൽ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അവബോധത്തിന്റെ അഭാവം

കേന്ദ്ര തൊഴിൽ മന്ത്രാലയം പുറത്തിറക്കിയ (2018 സെപ്റ്റംബർ), 'മോഡൽ വെൽഫെയർ സ്കീം ഫോർ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആന്റ് ആക്ഷൻ പ്ലാൻ ഫോർ സ്ട്രെങ്തെനിംഗ് ഇംപ്ലിമെന്റേഷൻ മെഷീനറി', എന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, കെട്ടിട തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി പത്രപരസ്യം, ടിവി ചാനലുകൾ എന്നീ മാർഗ്ഗങ്ങളെക്കാൾ താഴെത്തട്ടിലുള്ള അവബോധ പരിപാടികളിലൂടെയാണ് ബോധവൽക്കരണം നൽകേണ്ടതെന്ന് നിർദ്ദേശിക്കുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി അവർ പ്രധാനമായി പാർക്കുന്ന ഇടങ്ങളിൽ/നഗരചത്വരങ്ങളിൽ സ്ഥിരമായി ക്യാമ്പുകൾ സംഘടിപ്പിക്കുകയോ, ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുകയോ ചെയ്യാൻ സംസ്ഥാന തൊഴിൽ വകുപ്പും ക്ഷേമ ബോർഡും, തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്ന അധികാരികൾക്ക് (ബോർഡ്) നിർദ്ദേശങ്ങൾ നൽകണമെന്നും ഈ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. സ്മാർട്ട് ഫോണുകളിൽ വീഡിയോകൾ സംപ്രേഷണം ചെയ്യുക, രജിസ്റ്റർ ചെയ്ത/രജിസ്റ്റർ ചെയ്യാൻ സാധ്യതയുള്ള തൊഴിലാളികളെ അറിയിക്കാനും, അപ്ഡേറ്റ് ചെയ്യാനും പതിവായി എസ്എംഎസ് അയയ്ക്കുക, ഗ്രാമ പ്രദേശങ്ങളിൽ ബോധവൽക്കരണത്തിനുള്ള ചിത്രങ്ങൾ വരയ്ക്കുക, നഗര തദ്ദേശ സ്ഥാപനങ്ങൾ/ഗ്രാമപഞ്ചായത്തുകൾ/ഗ്രാമ സഭകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക മുതലായവയെല്ലാം ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിന് സഹായകമായേക്കാം.

ബോർഡിൽ രജിസ്റ്റർ ചെയ്ത 210 ഗുണഭോക്താക്കളെ[26] ഓഡിറ്റ് സർവ്വേ ചെയ്തപ്പോൾ, അതിൽ 195 (98.86 ശതമാനം) പേരും ബോർഡ് നടത്തിയ ഒരു അവബോധ പരിപാടിയിലും പങ്കെടുത്തിട്ടില്ല എന്നറിയിച്ചു. അതിൽ 134 ഗുണഭോക്താക്കൾ (63.81 ശതമാനം) ബോർഡ് നടത്തുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് തങ്ങൾക്ക് അറിയില്ലെന്നും പ്രസ്താവിച്ചു. ബോർഡിൽ ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സർവ്വേയിൽ, രജിസ്റ്റർ ചെയ്യാത്ത 45 നിർമ്മാണ തൊഴിലാളികളും ബോർഡ് നടത്തുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് അവബോധരല്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

---

[25] 2017 ഡിസംബർ 19-ന് നടന്ന യോഗത്തിൽ ബോർഡ് എടുത്ത തീരുമാനപ്രകാരം. ഈ തീരുമാനം സംസ്ഥാന സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല

[26] തെരഞ്ഞെടുത്ത മൂന്ന് ജില്ലകളിൽ നിന്നും 70 ഗുണഭോക്താക്കൾ വീതം

തെരഞ്ഞെടുത്ത ജില്ലകളിലെ 26 സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ (2023 സെപ്റ്റംബർ) ജോലിയിൽ ഏർപ്പെട്ട ആകെ 1306 തൊഴിലാളികളിൽ വെറും 27 പേർ (2.07 ശതമാനം) മാത്രമേ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്ന് വെളിപ്പെട്ടു.

രജിസ്ട്രേഷൻ ഒരു തൊഴിലാളി സ്വമേധയാ ചെയ്യേണ്ടതാണെങ്കിലും, രജിസ്ട്രേഷൻ കുറയുന്നതിന് കാരണം ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അവബോധമില്ലായ്മയാകാം. തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്താനും, ലഘുലേഖകൾ വിതരണം ചെയ്യാനും മറ്റും നടപടികൾ എടുത്തിരുന്നെന്ന് ബോർഡ് അറിയിച്ചു (2023 ആഗസ്റ്റ്). എന്നാൽ ബോർഡിലെ/ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം ജോലി സ്ഥലങ്ങളുടെ സംയുക്ത പരിശോധനയ്ക്കിടെ തൊഴിലാളികളുമായി നടത്തിയ ആശയ വിനിമയത്തിൽ, രജിസ്റ്റർ ചെയ്യാത്ത 45 തൊഴിലാളികൾക്കും ബോർഡിനെയും അതിന്റെ ക്ഷേമപദ്ധതികളെയും കുറിച്ച് അവബോധമില്ലെന്ന് വെളിപ്പെട്ടു. തൊഴിലാളികളിൽ അവബോധം വളർത്താൻ ഇതുവരെ ബോർഡ് നടത്തിയ പ്രചരണങ്ങൾ ഫലപ്രദമല്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

അംഗങ്ങൾ അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാകാൻ വേണ്ട പ്രചരണ പ്രവർത്തനങ്ങൾ വിവിധ മാർഗ്ഗങ്ങളിലൂടെ ബോർഡ് കൈക്കൊള്ളുമെന്ന് സർക്കാർ മറുപടിയിലൂടെ ഉറപ്പ് നൽകി (2024 ആഗസ്റ്റ്).

### 4.5.2. അതിഥി തൊഴിലാളികൾക്ക് ബിഒസിഡബ്ല്യൂ(ആർഇസിഎസ്) നിയമം വഴി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു

ബോർഡ് നൽകിയ വിവരങ്ങൾ പ്രകാരം, 2023 മാർച്ച് 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 20.67 ലക്ഷമാണ്. സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ റിപ്പോർട്ടിലെ ഖണ്ഡിക 5.4-ൽ പരാമർശിച്ചിരിക്കുന്നതുപോലെ അതിഥി തൊഴിലാളി ക്ഷേമ നിധി രൂപീകരിക്കപ്പെട്ട മറ്റൊരു പദ്ധതിയിൻ കീഴിലാണ് ഈ തൊഴിലാളികൾ രജിസ്റ്റർ ചെയ്യേണ്ടിയിരുന്നത്. സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ചെലവ് വഹിക്കാൻ, മേൽ പറഞ്ഞ പദ്ധതിക്കു കീഴിൽ ₹10 കോടി കോർപ്പസ് ഫണ്ടായി സർക്കാർ അനുവദിച്ചിരുന്നു. ബിഒസിഡബ്ല്യൂ(ആർഇസിഎസ്), നിയമത്തിൽ തൊഴിലാളികൾക്കിടയിൽ ഒരു തരത്തിലുമുള്ള വിവേചനവും നടത്തിയിട്ടില്ലെങ്കിലും, സർക്കാർ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചുകൊണ്ട് അതിഥി തൊഴിലാളികളെ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിൽ നിന്ന് മാറ്റി നിർത്തുകയും അതിലൂടെ ഈ നിയമത്തിനു കീഴിൽ വരുന്ന എല്ലാ ക്ഷേമപദ്ധതികളുടെയും ആനുകൂല്യങ്ങൾ അവർക്ക് നിഷേധിക്കുകയും ചെയ്തു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് സർക്കാർ മറുപടി നൽകി. ഈ നിയമം ഒരു പ്രാദേശിക തൊഴിലാളിയെയും അതിഥി തൊഴിലാളിയെയും വേർതിരിക്കുന്നില്ലെന്നിരിക്കെ, ഈ നിയമത്തിലെ വകുപ്പ് 12-ൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന എല്ലാവരും നിയമപ്രകാരം ബോർഡിലെ അംഗങ്ങളാകാൻ അർഹരാണെന്നതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല. ആയതിനാൽ ബിഒസിഡബ്ല്യൂ(ആർഇസിഎസ്) നിയമ പ്രകാരം രജിസ്റ്റർ ചെയ്യാൻ അനുവദിക്കാതെ അതിഥി തൊഴിലാളികളോട് വിവേചനം കാണിച്ചത് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായ ക്രമരഹിതമായ നടപടിയാണ്.

### 4.5.3. ബിഒസിഡബ്ല്യൂ(ആർഇസിഎസ്) നിയമ പ്രകാരം അംഗമാകാനുള്ള പ്രക്രിയയിലെ പോരായ്മകൾ

കേരള ചട്ടങ്ങളിലെ, ചട്ടം 283-ൽ, ബോർഡിൽ അംഗത്വമെടുക്കാൻ വേണ്ട വ്യവസ്ഥകൾ നിഷ്കർഷിക്കുന്നു. അതനുസരിച്ച് പ്രായം തെളിയിക്കുന്ന രേഖയും, തൊഴിൽ ദാതാവിൽ നിന്നോ കോൺട്രാക്ടറിൽ നിന്നോ നിർമ്മാണ തൊഴിലാളിയാണെന്ന് തെളിയിക്കുന്ന

രേഖയും, ഫോറം XXVI–ൽ ബോർഡിന് സമർപ്പിക്കേണ്ടതാണ്. അത്തരം രേഖകളുടെ അഭാവത്തിൽ, രജിസ്റ്റർ ചെയ്ത കൺസ്ട്രക്ഷൻ വർക്കേഴ്സ് ട്രേഡ് യൂണിയനോ, പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറോ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറോ നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിക്കാവുന്നതാണ്.

2023 ജൂലൈയിൽ നടന്ന ബോർഡിന്റെ വിദഗ്ധ സമിതി യോഗത്തിൽ, ട്രേഡ് യൂണിയനുകളിൽ നിന്ന് ലഭിച്ച നിർമ്മാണ തൊഴിലാളിയാണെന്ന് പ്രഖ്യാപിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ, നിരവധി വ്യാജവ്യക്തികൾ അംഗത്വത്തിന് അവകാശ വാദം ഉന്നയിച്ചതായി അഭിപ്രായപ്പെട്ടു. രജിസ്ട്രേഷന് വന്ന അപേക്ഷകൾ പരിശോധിച്ചപ്പോൾ ഏതാണ്ട് 100 ശതമാനം സന്ദർഭങ്ങളിലും, കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയനുകൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് അംഗത്വം നൽകിയതെന്ന് ഓഡിറ്റ് സ്ഥിരീകരിച്ചു. അതിന്റെ വിവരങ്ങൾ ചുവടെയുള്ള **പട്ടിക 4.12**–ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.12 : ട്രേഡ് യൂണിയനുകളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ വിവരങ്ങൾ**

| ജില്ല | 2018–23 കാലയളവിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം | ഓഡിറ്റ് പരിശോധിച്ച റെക്കോർഡുകളുടെ എണ്ണം | ട്രേഡ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ എണ്ണം | ട്രേഡ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ ശതമാനം |
|---|---|---|---|---|
| കോഴിക്കോട് | 8,885 | 489 | 489 | 100.00 |
| എറണാകുളം | 4,281 | 225 | 223 | 99.11 |
| മലപ്പുറം | 7,238 | 354 | 354 | 100.00 |
| **ആകെ** | **20,404** | **1,068** | **1,066** | **99.81** |

*( ഉറവിടം : ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നിന്ന് ലഭിച്ച ഡാറ്റ)*

2023–ൽ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റുകളുടെ ബലത്തിൽ സമർപ്പിച്ച 532 അംഗത്വ അപേക്ഷകൾ (ഫോറം–XXVI) സർട്ടിഫിക്കറ്റുകളുടെ ആധികാരികതയെക്കുറിച്ച് ഡിഇഒ-മാർ നടത്തിയ അന്വേഷണത്തെ തുടർന്ന് നിരസിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ അപേക്ഷകർ കെട്ടിട നിർമ്മാണ തൊഴിലാളികൾ അല്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തി. അപേക്ഷകരുടെ യഥാർത്ഥ തൊഴിൽ എന്തെന്ന് ഉറപ്പാക്കാതെയാണ് ട്രേഡ് യൂണിയനുകൾ വ്യാജ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതെന്ന് ഇത് സ്ഥിരീകരിക്കുന്നു.

രജിസ്ട്രേഷനായുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, സമർപ്പിച്ച രേഖകൾ ഡിഇഒ പരിശോധിച്ച ശേഷം അതിന്റെ കൃത്യതയിൽ സംതൃപ്തനാണെങ്കിൽ മാത്രമാണ് തൊഴിലാളികൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതെന്ന് സർക്കാർ അറിയിച്ചു (2024 ആഗസ്റ്റ്). അപാകതകൾ ഉള്ള അപേക്ഷകൾ പൂർണ്ണമായും നിരസിക്കുമെന്നും അംഗങ്ങളുടെ ആധികാരികത ജില്ലാതല സ്ക്വാഡുകൾ പരിശോധിക്കുമെന്നും പ്രസ്താവിച്ചു.

എന്നാൽ മേൽപ്പറഞ്ഞ സംഭവങ്ങൾ, നിലവിലെ രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ കാര്യക്ഷമതയെക്കുറിച്ച് ആശങ്കകൾ ഉയർത്തുകയും യഥാർത്ഥ നിർമ്മാണ തൊഴിലാളികൾക്കു മാത്രമേ ബോർഡിൽ അംഗത്വം ലഭിക്കുന്നുള്ളുവെന്ന് ഉറപ്പാക്കാൻ കൂടുതൽ കർക്കശമായ ഒരു പരിശോധനാ സംവിധാനത്തിന്റെ ആവശ്യകത അടിവരയിട്ടു പറയുകയും ചെയ്യുന്നു.

***ശിപാർശ 7: ബോർഡ് പലതലത്തിലുള്ള പരിശോധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡ് യൂണിയനുകൾ നൽകുന്ന അംഗത്വ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുകയും അതുവഴി രജിസ്ട്രേഷൻ പ്രക്രിയയുടെ സുതാര്യത സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.***

***ശിപാർശ 8 : രജിസ്ട്രേഷൻ നടപടികളെക്കുറിച്ചും രജിസ്ട്രേഷൻ വഴി വിവിധ ക്ഷേമപദ്ധതികളുടെ രൂപത്തിൽ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കാൻ മതിയായ പ്രചരണങ്ങളും പരസ്യങ്ങളും ബോർഡ് നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.***

## 4.6. ഉപസംഹാരം

സംസ്ഥാന ഓഫീസിൽ ഒരു കേന്ദ്രീകൃത ഡാറ്റാ സംവിധാനം ഇല്ലാത്തതിനാൽ, ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെയാണ്, ജില്ലാതല ക്ഷേമ പദ്ധതികൾ നിർവ്വഹിക്കുവാൻ ആവശ്യമായ ഫണ്ട് നിർണ്ണയിക്കുന്നതിനായി ബോർഡ് ആശ്രയിച്ചിരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ്, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധക്ഷേമ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാക്കാതെ കിടക്കുകയാണ്. നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം രജിസ്ട്രേഷൻ കുറയുന്നതിന് കാരണമായി. ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയായി.